## കണ്ണൂർഅന്താരാഷ്ട്ര വിമാനത്താവളംറൺവേ 3050 മീറ്ററിൽ നിന്നും 4000 മീറ്ററാക്കിദീർഘിപ്പിക്കുന്നതിനായി ഭൂമിഏറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ളസാമൂഹ്യപ്രത്യാഘാതത്തെക്കുറിച്ചുള്ള പഠന റിപ്പോർട്ടിൻമേൽ വിദഗ്ധ സമിതിയുടെശുപാർശ

തീയ്യതി : 15.06.2019

കണ്ണൂർഅന്താരാഷ്ട്രവിമാനത്താവളം റൺവേ 3050 മീറ്ററിൽ നിന്നും 4000 മീറ്ററാക്കിദീർഘിപ്പിക്കുന്നതിനായി ഭൂമിഏറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ളസാമൂഹ്യ പ്രത്യാഘാതത്തെക്കുറിച്ച് ചെയർമാൻ സെന്റർഫോർമാനേജ്മെന്റ് ഡവലപ്പ്മെന്റ്,തിരുവനന്തപുരം സമർപ്പിച്ച സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി അന്തിമറിപ്പോർട്ട് തയ്യാറാക്കുന്നതിനായി താഴെഒപ്പിട്ടവർഅംഗങ്ങളായുള്ള വിദഗ്ധ സമിതി RFCTLARR Act 2013 ലെ ഉപവകുപ്പ് (1) വകുപ്പ് 7 പ്രകാരം കണ്ണൂർ ജില്ലാകലക്ടറുടെ 26.05.2019 തിയ്യതിയിലെ ഡിസികെഎൻആർ/534/2017–സി7 നമ്പർ നടപടിക്രമ പ്രകാരം രൂപവൽക്കരിച്ചിരിക്കുന്നു. അതുപ്രകാരം ഈ വിദഗ്ധ സമിതിയുടെ പ്രാഥമികയോഗം 12.06.2019–ാം തീയ്യതിരാവിലെ 10 മണിക്ക് മട്ടന്നൂർ സ്പെഷ്യൽ തഹസിൽദാർ എൽ.എ വിമാനത്താവളം യൂണിറ്റ് –1 ആഫീസിൽ വച്ച് ചേർന്നു.യോഗത്തിൽ ചെയർമാനും സാമൂഹ്യശാസ്ത്രജ്ഞനുമായ ശ്രീ.എം.ഗോപി അദ്ധ്യക്ഷതവഹിച്ചു യോഗത്തിന്റെ ഉദ്ദേശത്തെയും പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം വിവരിച്ചു. തുടർന്ന് പദ്ധതിയുടെ സാങ്കേതികവിദഗ്ധനായ കെ.വി ഗംഗാധരൻ പദ്ധതിയെ കുറിച്ച് വിശദീകരിച്ചു. പിന്നീട് വിദഗ്ധ സമിതി അംഗങ്ങൾ പദ്ധതി പ്രദേശം സന്ദർശിച്ചു.കണ്ണൂർജില്ലയിലെ കീഴല്ലൂർ വില്ലേജിലെ കീഴല്ലൂർ കാനാട് ദേശങ്ങളിൽ വിവിധ സർവ്വെ നമ്പറുകളിലായി 99.3235 ഹെക്ടർ ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതി ആവശ്യത്തിനായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. തൽഫലമായി 162 കുടുംബങ്ങളുടെ പാർപ്പിടങ്ങൾ, 5 ക്ഷേത്രങ്ങൾ, 1 മുസ്ലിം പള്ളി, 1 അംഗൻവാടി, 1 നെയ്ത്തുശാല, പാർട്ടിആഫീസ്, 2 കടകൾ,1 കന്നുകാലി ഫാം മുതലായവ നഷ്ടപ്പെടുന്നുണ്ട്.

പൊതുവിചാരണയോഗത്തിൽ റികിസിഷൻഅതോറിറ്റി,ലാന്റ് അക്വിസിഷൻ ആഫീസർ എന്നിവരെ പങ്കെടുപ്പിച്ചിട്ടുള്ളതായി കാണുന്നില്ല ഇത് പൊതുജനങ്ങൾക്കുള്ള സംശയദുരീകരിണത്തിനുള്ള വേദി നഷ്ടപ്പെടുത്തുകയാണ്ചെയ്യുന്നത്.

സ്ഥല പരിശോധനയുടെയും പഠന റിപ്പോർട്ടിലെകാര്യങ്ങളുടെയുംഅടിസ്ഥാനത്തിൽ 15.06.2019–ാം തീയ്യതിഉച്ചയ്ക്ക് രണ്ട് മണിക്ക്കണ്ണൂർകലക്ട്രേറ്റിൽവച്ച്ചേർന്ന വിദഗ്ധ സമിതിയുടെഅന്തിമയോഗത്തിന്റെഅടിസ്ഥാനത്തിൽ ഈ സമിതിതാഴെചേർത്ത ശുപാർശകൾ സമർപ്പിക്കുന്നു.

1. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിലവിലുള്ളറൺവ്വേവിവുലീകരണത്തിനു വേണ്ടിയാണ്നിർദ്ദിഷ്ട ഭൂമിഏറ്റെടുക്കുന്നത്. അതായത് വിമാനത്താവളത്തിന്റെ പ്രവർത്തന ക്ഷമതയും നിലവാരവുംകൂട്ടുക എന്നതാണ് ലക്ഷ്യം . കൂടാതെ ഈ പദ്ധതിക്കു വേണ്ടി ഭൂമിഏറ്റെടുക്കുന്നത് അർദ്ധനാധികാരിയായ കിൻഫ്രയാണ്, ആയതിനാൽ നിർദ്ദിഷ്ട ഭൂമിഏറ്റെടുക്കുന്നത് ഒരു പൊതുആവശ്യത്തിലേക്കാണ്.
2. കണ്ണൂർഅന്താരാഷ്ട്ര വിമാനത്താവളംറൺവേ 3050 മീറ്ററിൽ നിന്നും4000 മീറ്ററാക്കിദീർഘിപ്പിക്കുന്നതിലേക്കായാണ് ഈ നിർദ്ദിഷ്ട ഭൂമിഏറ്റെടുക്കുന്നത്. ആയത് നിലവിലുള്ളറൺവേയുമായിചേർന്നുകിടക്കുന്ന ഭൂമിയാണ്. ആയതിനാൽവേറെഭൂമി നിർദ്ദിഷ്ട പദ്ധതിക്കായി കണ്ടെത്തേണ്ട ആവശ്യമില്ല എന്ന് ഈ വിദഗ്ധ സമിതിശുപാർശചെയ്യുന്നു.

3. ഈ പദ്ധതിക്കായി ഭൂമിഏറ്റെടുക്കുമ്പോൾ 162-ഓളം കുടുംബങ്ങളെകുടിയൊഴിപ്പിക്കപ്പെടുന്നുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള RFCTLARR Act 2013, കേരള സർക്കാറിന്റെ 29.12.2017ലെ ജി.ഒ(എം.എസ്സ്) നമ്പർ 448/2017/ആർ.ഡി ഉത്തരവ് കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ നൽകുന്നതും സർക്കാർ ഉത്തരവ് (എം.എസ്സ്) നമ്പർ 07/2018 ഗതാഗതം തീയ്യതി 01.02.2008, സർക്കാർ ഉത്തരവ് /കൈ/10/2017/ഗതാഗതം തീയ്യതി 18.02.2017,സർക്കാർ ഉത്തരവ് (എം.എസ്സ്)/09/2008 ഗതാഗതം തീയ്യതി 11.02.2008 എന്നിവ പ്രകാരമുള്ള ആനുകൂല്യങ്ങൾ വാസ സ്ഥലമുൾപ്പെടെ ഭൂമി നഷ്ടപ്പെടുന്നവർക്ക് യഥാസമയം നൽകുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് ഈ സമിതി ശുപാർശ ചെയ്യുന്നു.

4. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമിഏറ്റെടുക്കുമ്പോൾ 5ക്ഷേത്രങ്ങളും, 1 മുസ്ലീം പള്ളിയും,നെയ്ത്ത്ശാലയും,1 അംഗൻവാടിയും പൂർണ്ണമായും പുനസ്ഥാപിക്കേണ്ടതാണ് എന്ന പഠന റിപ്പോർട്ടിനോട് ഈ വിദഗ്ധ സമിതിയോജിക്കുന്നു.

5. നിർദ്ദിഷ്ട പദ്ധതിക്കായിഏറ്റെടുക്കുന്ന പ്രദേശത്ത്വസിക്കുന്ന ജനങ്ങളുടെ പ്രധാന വരുമാന സ്രോതസ്സായകൃഷിയെ പദ്ധതി പ്രതികൂലമായി ബാധിക്കുന്നു. കൂടാതെവിവിധങ്ങളായ മരങ്ങൾ,ചെടികൾ,പച്ചകറികൾ,ഔഷധ ചെടികൾ എന്നിവ നഷ്ടപ്പെടുന്നു എന്ന പഠന റിപ്പോർട്ടിനോട്സമിതിയോജിക്കുന്നു.

6. ഒരുകുടുംബത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ 23-ഓളം പശുക്കളുള്ളകന്നുകാലി ഫാം ഈ പദ്ധതിയുടെ ഭാഗമായി ഒഴിപ്പിക്കേണ്ടതായി കാണുന്നുആയതിന് ന്യായമായ പുനരധിവാസം ലഭ്യമാക്കേണ്ടതാണ്.

7. സമതലത്തിൽ നിന്നും ഏകദേശം 62 മീറ്റർഉയരത്തിലും 1 കിലോമീറ്ററോളം നീളത്തിലും മണ്ണുംമറ്റുമിട്ട് നികത്തിറൺവേ 3050 മീറ്ററിൽ നിന്ന് 4000 മീറ്റർ ആക്കുമ്പോൾ ഉണ്ടാകുന്ന പരിസ്ഥിതി പ്രത്യാഘാതത്തെക്കറിച്ച് പഠനം നടത്തണമെന്ന് ഈ സമിതിശുപാർശചെയ്യുന്നു".

8. ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന പദ്ധതി പ്രദേശം കീഴല്ലൂർ ഗ്രാമ പഞ്ചായത്തിലെ ജൈവ ആവാസമേഖലയാണ് ആണെന്നും ആദ്യഘട്ടത്തിൽ ഏറ്റെടുത്ത പദേശങ്ങൾ ഒന്നുംതന്നെ ജൈവ ആവാസബോർഡിൽ ഉൾപ്പെടുത്തിയില്ല എന്ന് കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.രാജൻഎം യോഗത്തിൻ മുമ്പാകെ അറിയിച്ചു.ആയതിനാൽ ഇപ്പോൾ ഏറ്റെടുക്കാനുദ്ദേശിക്കുന്ന പ്രദേശങ്ങൾ ജൈവആവാസമേഖല ആയതിനാൽ ആയത് ജൈവബോർഡിൽ ഉൾപ്പെടുത്തി ആവശ്യമായ നടപടിസ്വീകരിക്കേണ്ടതാണ് എന്നുംഅറിയിച്ചു.

9. ഭൂമിഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കീഴല്ലൂർഗ്രാപഞ്ചായത്തിൽമുൻപ് ഇല്ലാത്ത വിധം കഴിഞ്ഞ 3 വർഷത്തോളമായി രൂക്ഷമായകുടിവെള്ള പ്രശ്നം അലട്ടുകയാണ്.ആയത് ഗൗരവതരമുള്ള പശ്നമായി പഞ്ചായത്ത് കാണുന്നുവെന്നും കീഴല്ലൂർ ഗ്രാമ

പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.രാജൻഎം പറഞ്ഞു, നിർദ്ദിഷ്ട പദ്ധതിക്കായി ഇപ്പോൾ ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമി കൂടി ഏറ്റെടുത്താൽ മേൽ പറഞ്ഞ കുടിവെള്ളപ്രശ്നം കൂടുതൽ രൂക്ഷമാകും.അതുകൊണ്ട് ഇതിനൊരു സ്ഥായിയായ പരിഹാരം ഉണ്ടാകണമെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു.

10. വിമാനത്താവളത്തിനു വേണ്ടി ഏറ്റെടുത്തതും അല്ലാത്തതുമായ സ്ഥലങ്ങളിൽ കൂടിഒഴുകുന്ന തോടുകൾ പ്രധാന തോടുകളായ 17,18 എന്നിവയിൽ സംഗമിക്കുന്നുണ്ട്. റൺവേ വികസിപ്പിക്കുമ്പോൾ ഈ തോടുകളിലൂടെയുള്ള വെള്ളത്തിന്റെസ്വാഭാവിക ഒഴുക്ക് തടസ്സപ്പെടാനിടയാകാത്തവിധം ആവശ്യമായ സംവിധാനം ഏർപ്പെടുത്തണമെന്ന് ഈ വിദഗ്ധ സമിതി ശുപാർശചെയ്യുന്നു.

11. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കുമ്പോൾ തെരൂർ പാലയോട് കീഴല്ലൂർ റോഡ്ഗതാഗതം തടസ്സപ്പെടുന്നതാണ്. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ ബദൽ സംവിധാനം ചെയ്യേണ്ടതാണ്എന്ന് ഈ വിദഗ്ധ സമിതിശുപാർശചെയ്യുന്നു.

12. നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിന് തൊട്ട് സമീപത്തായി താമസിക്കുന്നവരുടെ ജീവിതത്തെ പദ്ധതി പ്രതികൂലമായി ബാധിക്കാനിടയുണ്ടെന്ന് ഇവിടെയുള്ള ജനങ്ങൾ ഭയപ്പെടുന്നു. ആയതിനാൽ ആവശ്യമായ പരിഗണന അവർക്ക് നൽകണമെന്ന് വിദഗ്ധ സമിതി ശുപാർശചെയ്യുന്നു.

പദ്ധതി നടത്തിപ്പിലെ പ്രധാന ആഘാതം പദ്ധതി പ്രദേശത്തെ 162 കുടുംബങ്ങളുടെയും അവരുടെ ആശ്രിതരുടെഭൂമിയുംവസ്തുക്കളുംഅതുകൂടാതെ 5 ക്ഷേത്രങ്ങളും,1 മുസ്ലീം പള്ളിയുംനഷ്ടപ്പെടുന്നുവെന്നാണ് എന്നാൽ ഭൂമിഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട RFCTLARR Act 2013 അനുശാസിക്കുന്ന പുനരധിവാസപ്രവർത്തനവും, ന്യായമായ നഷ്ടപരിഹാരതുകയും,പൊതുസ്വത്തുകളുടെ കാര്യക്ഷമതയോടുകൂടി പുനസ്ഥാപനവും കൃത്യമായിചെയ്താൽ ആഘാതം പരിഹരിക്കപ്പെടാമെന്ന് വിദഗ്ധ സമിതിശുപാർശചെയ്യുന്നു.

കൂടാതെ കണ്ണൂർഅന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വിപുലീകരണത്തോടെ കണ്ണൂർ ജില്ലയ്ക്കു മാത്രമല്ല നമ്മുടെ സംസ്ഥാനത്തിനും രാജ്യത്തിനും തന്നെ മുതൽകൂട്ടാകുന്ന വികസന സാധ്യതകളാണ് മുന്നിലുള്ളത് ആയതിനാൽ പദ്ധതി കൊണ്ടുണ്ടാകുന്ന ഗുണങ്ങൾ കണക്കാക്കുമ്പോൾ ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതം കുറവാണ്.

ആയതിനാൽ നിർദ്ദിഷ്ട പദ്ധതിയായ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം റൺവ്വെ 3050 മീറ്ററിൽ നിന്നും 4000 മീറ്ററായി വിപുലീകരിക്കുന്നതിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി യുമായി മുന്നോട്ടു പോകാവുന്നതാണെന്ന് ഈ വിദഗ്ധ സമിതിശുപാർശചെയ്യുന്നു.

രാജൻ.എം
പ്രസിഡണ്ട്
കീഴല്ലൂർഗ്രാമപഞ്ചായത്ത്

അനില .പി
വൈസ് പ്രസിഡണ്ട്
കീഴല്ലൂർഗ്രാമപഞ്ചായത്ത്

ജിജി.കെ
സാമൂഹ്യശാസ്ത്രജ്ഞ
വിദഗ്ധ സമിതി

രാജൻ .പി
റിട്ട.ഡപ്യൂട്ടികലക്ടർ
പുനരധിവാസപ്രവർത്തന
വിദഗ്ധൻ

കെ.വി ഗംഗാധരൻ
(എൽ.എം),കിൻഫ്ര

സി.എം.മുരളീധരൻ
റിട്ട.ഡപ്യൂട്ടികലക്ടർ
പുനരധിവാസപ്രവർത്തന
വിദഗ്ധൻ

ഗോപി.എം
സാമൂഹ്യശാസ്ത്രജ്ഞൻ
ചെയർമാൻവിദഗ്ധ സമിതി